

## എടക്കണ്ടി ആലി

**ചേന്ദമംഗല്ലൂർ** ഗ്രാമത്തിന്റെ ചരിത്രത്തോടൊപ്പം നടന്ന പഴയ കാല പ്രസ്ഥാന പ്രവർത്തകനായിരുന്നു എടക്കണ്ടി ആലി സാഹിബ്. കെ.സി അബ്ദുല്ല മൗലവി, സഗീർ മൗലവി എന്നിവരുടെയൊക്കെ ശിഷ്യനായിരുന്ന അദ്ദേഹം ആദ്യകാലത്ത് അൽ മദ്റസത്തുൽ ഇസ്‌ലാമിയ നിർമിക്കുന്നതിൽ പങ്കാളിയായി. പള്ളിപ്പറമ്പിലെ കാടുനിറഞ്ഞ പ്രദേശം വെട്ടിത്തെളിച്ചു ഓലഷെഡിൽ ആയിരുന്നു മദ്റസയുടെ തുടക്കം. ജാതിമത ഭേദമന്യേ, ഇടപഴകുന്ന ആരോടും നർമത്തോടെ സംസാരിക്കാനുള്ള കഴിവ് ഒരുപാട് സുഹൃത്തുക്കളെ നേടിക്കൊടുത്തു അദ്ദേഹത്തിന്. 25 വർഷം വെസ്റ്റ് ചേന്ദമംഗല്ലൂർ മസ്ജിദുൽ അൻസാറിൽ മുഅദ്ദിനായിരുന്നു. 1982 മുതൽ നീണ്ടകാലം പ്രബോധനത്തിന്റെ ഏജന്റു കൂടിയായിരുന്നു. ഭാര്യയും 5 പെൺമക്കളുമാണ്. മൂത്ത മകൾ നേരത്തെ മരിച്ചു.

**എൻ.പി അബ്ദുൽകരീം വെസ്റ്റ് ചേന്ദമംഗല്ലൂർ**



## സി.എച്ച് കുഞ്ഞാലി മാസ്റ്റർ

**കോഡൂർ** പ്രാദേശിക ജമാഅത്ത് അംഗമായിരുന്നു കുഞ്ഞാലി മാസ്റ്റർ. കോഡൂരിലെ ആദ്യകാല ജമാഅത്ത് പ്രവർത്തകരിലെ അവസാനത്തെ കണ്ണിയാണ് അദ്ദേഹം. അറുപതുകളിൽ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു. മക്കളെയെല്ലാം ഇസ്‌ലാമിക സ്ഥാപനങ്ങളിൽ ചേർത്ത് പഠിപ്പിക്കാൻ അദ്ദേഹം ഉത്സാഹിച്ചു.

താൻ മനസ്സിലാക്കിയ സത്യം ആരുടെ മുമ്പിലും തുറന്ന് പറയാൻ അദ്ദേഹം ആർജവം കാണിച്ചു. 1971ൽ സ്ഥാപിതമായ കോഡൂർ മുസ്‌ലിം സാംസ്കാരിക സമിതി(കെ.എം.എസ്.എസ്)യുടെ സ്ഥാപകാംഗങ്ങളിൽ പെട്ട അദ്ദേഹം തുടക്കം മുതലേ അതിന്റെ വ്യാപാര വിഭാഗം കൺവീനറായി പ്രവർത്തിച്ചിരുന്നു.

**അബ്ദുസ്സമദ് കോഡൂർ**



## ഉമ്മു ബദറുദ്ദീൻ

**ജമാഅത്തെ ഇസ്‌ലാമി** ഒറ്റപ്പാലം ടൗൺ കാർകുൻ ഹൽഖ മുൻ നാസിം സി. ബദറുദ്ദീൻ സാഹിബിന്റെ പത്നിയാണ് ഉമ്മു ബദറുദ്ദീൻ. ആറു മാസം മുമ്പാണ് അവരുടെ ഭർത്താവ് മരണമടഞ്ഞത്. ഒറ്റപ്പാലം പ്രദേശത്ത് 1980-85 കാലത്ത് സ്ത്രീ ശാക്തീകരണത്തിന് വേണ്ടി രൂപം കൊണ്ട ഐഡിയൽ വിമൻസ് അസോസിയേഷന്റെ സജീവ പ്രവർത്തകയായിരുന്നു ഉമ്മു ബദറുദ്ദീൻ.

പിന്നീട് ഈസ്റ്റ് ഒറ്റപ്പാലം വനിതാ കാർകുൻ ഹൽഖ രൂപീകരിച്ചപ്പോഴും അവർ സജീവ സാന്നിധ്യമായി. കഴിവിന്റെ പരമാവധി പാവങ്ങളെ സഹായിച്ചിരുന്ന അവർ പരിസര വാസികളുടെ 'ഉമ്മ്യാത്ത' യായിരുന്നു.

**മുംതാസ് അബ്ദുർറഹ്മാൻ ഒറ്റപ്പാലം**